<u>പതിനാലാം കേരള നിയമസഭ</u>
<u>ഒന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1057 12.07.2016 ൽ മറുപടിയ്ക്ക്

<u>കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച</u>

**ചോദ്യം** — ശ്രീ.പി.ടി. തോമസ്

**ഉത്തരം** — ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി)

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടുവരുന്ന പച്ചക്കറി കളിൽ ഹാനികരമായ കീടനാശിനികൾ അടങ്ങിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ;

(എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പ്രധാനമായും മല്ലിയില, പുതിനയില, കറിവേപ്പില എന്നിവയിലെ കീടനാശിനി വിഷാംശം നിയമം അനുശാസിക്കുന്ന പരിധിയ്ക്കും മുകളിലാണ്. അത്തരം കേസുകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമം 2006 പ്രകാരം നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വിഷാംശം ഉള്ള പച്ചക്കറികൾ അതിർത്തി കടന്നു വരുന്നത് തടയാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) ചെക്ക് പോസ്റ്റുൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്ന് ശേഖരിക്കുന്ന എല്ലാത്തരം ഭക്ഷ്യോൽപ്പന്നങ്ങളുടേയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ അനലറ്റിക്കൽ ലാബുകളിലും കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റസ്ഡ്യൂ ടെസ്റ്റിംഗ് ലാബിലേയ്ക്കും അയച്ച് പരിശോധിക്കാറുണ്ട്. ഈ വിവരം മാധ്യമങ്ങളിലൂടെ വേണ്ട പ്രചാരണം നൽകുന്നതു കൊണ്ട് ജനങ്ങൾക്ക് അവബോധം ഉണ്ടായിട്ടുണ്ട്. ഉത്സവ കാലങ്ങളിൽ സ്പെഷ്യൽ സ്ക്വാഡുകളെ നിയോഗിച്ച് ഈ പരിശോധന ഊർജ്ജിതമാക്കാറുണ്ട്. അയൽ സംസ്ഥാനങ്ങളിൽ കീടനാശിനി ഉപയോഗം പരമാവധി ഒഴിവാക്കുന്നതിന് കർഷകർക്കിടയിൽ ബോധവൽക്കരണ പരിപാടി നടത്തുന്നതാണ്. കൂടാതെ അയൽ സംസ്ഥാനങ്ങളിലെ കേരളത്തോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലെ കർഷകർക്ക് വിഷരഹിത പച്ചക്കറികൾ ഉല്പാദിപ്പിക്കുവാൻ പ്രാദേശിക ഭാഷയിൽ പരസ്യം നൽകുന്നതിനും നടപടി ആരംഭിക്കുന്നതാണ്.

(സി) ഇത്തരം പച്ചക്കറികൾ കേരളത്തിലേയ്ക്ക്

(സി) മാർക്കറ്റിൽ നിന്ന് ശേഖരിക്കുന്ന പഴം പച്ചക്കറി

കൊണ്ടുവരുന്നതും, വിപണനം നടത്തുന്നതും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ പരിശോധിച്ച് വിവരം പരസ്യപ്പെടുത്തുന്നുണ്ട്. ഇത്തരം ലാബുകൾ എല്ലാ ജില്ലയിലും സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലാബിൽ പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പരിശോധനാ ഫലങ്ങളിൽ വിഷാംശം കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് മുഖേന കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽസ് ടാക്സ് വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി ആ വിവരം അതാത് സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**